**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1706** **11-10-2024 - ൽ മറുപടിയ്ക്ക്**

**പ്രൈവറ്റ് യൂണിവേഴ്സിറ്റികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീമതി ഉമ തോമസ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രൈവറ്റ് യൂണിവേഴ്സിറ്റികൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് സ്വകാര്യ സർവകലാശാലകൾ അനുവദിക്കുന്നതിനുള്ള ശ്യാം ബി. മേനോൻ കമ്മീഷൻ ശുപാർശ സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | പ്രൈവറ്റ് യൂണിവേഴ്സിറ്റികൾ സ്ഥാപിക്കുന്നത് സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഏത് രീതിയിലുള്ള മാറ്റം സാധ്യമാക്കുമെന്ന് പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉന്നത വിദ്യാഭ്യസ മേഖലയിൽ സ്വീകരിക്കേണ്ട പരിഷ്കരണങ്ങൾ നിർദ്ദേശിക്കാൻ ചുമതലപ്പെടുത്തിയ ശ്യാം ബി. മേനോൻ കമ്മീഷൻ ഉന്നത വിദ്യാഭ്യാസ രംഗത്തെ GER 2036 ആവുമ്പോളേക്കും 75% എത്തിക്കേണ്ടതാണെന്നും ഇതിനായി സ്വകാര്യ മേഖലയുടെ കൂടി സഹകരണം ഉറപ്പാക്കണം എന്നും പ്രൈവറ്റ് യൂണിവേഴ്സിറ്റി അടക്കമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംസ്ഥാനത്ത് ആരംഭിക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) | പ്രൈവറ്റ് യൂണിവേഴ്സിറ്റികളിലെ ഫീസ് നിർണയ അധികാരത്തിലും അക്കാദമിക പ്രവർത്തനങ്ങളിലും ഉൾപ്പെടെ എന്തിലെങ്കിലും സർക്കാർ ഇടപെടലുകൾ സാധ്യമാണോ; ഇത് സംബന്ധിച്ച വ്യവസ്ഥകൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | സംസ്ഥാനത്ത് സ്വകാര്യ സർവകലാശാലകൾ അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ